# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3265** **07.11.2019-ൽ മറുപടിയ്ക്ക്**

## അതിരപ്പിള്ളിയിലെ ആദിവാസി മേഖലയിലെ മത്സ്യബന്ധന തൊഴിലാളികൾ

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി മേഖലയിലെ മത്സ്യബന്ധന തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ നൽകുന്നതിനും സംഭരണ, സംസ്കരണ, വിപണന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | അതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ നൽകുവാൻ നിലവിൽ ഫിഷറീസ് വകുപ്പ് തലത്തിൽ പദ്ധതികൾ ഇല്ലാത്തതിനാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി വഴി ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.<br><br>സംഭരണ സംസ്കരണ വിപണന സംവിധാനങ്ങൾ ലഭ്യമാക്കുന്നതിന് നിലവിൽ സർക്കാർ പദ്ധതികൾ ഇല്ല. ആയതിനാൽ ഇതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുന്നതും, കൂടാതെ അതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സ്ഥിരമായ ഒരു തൊഴിൽ ലഭ്യമാക്കുന്നതിനായി തനതായ മത്സ്യങ്ങളുടെ പ്രജനന കേന്ദ്രം ഈ മേഖലയിൽ ആരംഭിക്കുന്നതിന്റെ സാധ്യത സംബന്ധിച്ച് ഫോറസ്റ്റ് വകുപ്പുമായി സഹകരിച്ച് പ്രത്യേക പദ്ധതി തയ്യാറാക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ആഫീസർ**